# മുഖ്യമന്ത്രിയുടെ യോഗത്തിന്റെ മിനിറ്റ്സ്

## 2020 മാർച്ച് 17

### കോൺഫറൻസ് ഹാൾ

യോഗത്തിൽ പങ്കെടുത്തവരുടെ പേരുകൾ അനുബന്ധം 1 ആയി ചേർക്കുന്നു

യോഗം 6 മണിക്ക് ആരംഭിച്ചു

**ആരോഗ്യ വകുപ്പ് മന്ത്രി**

ആരോഗ്യ വകുപ്പ് മന്ത്രി ആമുഖത്തിൽ കേരളത്തിൽ പുതിയ കേസുകൾ ഒന്നും തന്നെ റിപ്പോർട്ട് ചെയ്തിട്ടില്ല എന്ന് അറിയിച്ചു.കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്നും പരിശോധനക്ക് വിട്ട സാമ്പിൾ ഇന്നലെ പോസിറ്റീവ് ആയി. എന്നാൽ ഇവർ മാഹി സ്വദേശി യായതിനാൽ കേരളത്തിന്റെ പട്ടികയിൽ ഉൾപെടുത്തേണ്ടതില്ല എന്ന് ബഹുമാനപ്പെട്ട മന്ത്രി അഭിപ്രായപ്പെട്ടു. ഇപ്പോഴത്തെ സാഹചര്യത്തെ കുറിച്ചും ആരോഗ്യ വകുപ്പ് നടത്തിവരുന്ന പ്രവർത്തനങ്ങളെ കുറിച്ചും വിശദീകരിക്കുവാൻ പ്രിൻസിപ്പൽ സെക്രട്ടറിയോട് ആരായുകയും ചെയ്തു.

**ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി**

- കോവിഡ് 19 നെ പ്രവർത്തനങ്ങളെ കുറിച്ച് ഒരു അവതരണം അദ്ദേഹം നടത്തുകയുണ്ടായി. 152 ലോക രാജ്യങ്ങളിലാണ് ഇപ്പോൾ കോവിഡ്-19 രോഗം ഇപ്പോൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത് . ലോകത്തിലും, ഭാരതത്തിലാകെയും കേരളത്തിലും രോഗം സ്ഥിരീകരിച്ചതും മരണം സംഭവിച്ചതുമായുള്ള ആളുകളുടെ എണ്ണം അദ്ദേഹം പറയുകയുണ്ടായി.
- സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 18011 പേർ നിരീക്ഷണത്തിലാണ്. ഇവരിൽ 17743 പേർ വീട്ടുകളിലും, 268 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്.
- രോഗലക്ഷണങ്ങൾ ഉള്ള 2467 വ്യക്തികളുടെ സാമ്പിൾ പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്.ഇതിൽ1807 സാമ്പിളുകളുടെ പരിശോധനാ ഫലം നെഗറ്റീവ് ആണ്.
- കേരളത്തിൽ ഇന്നലെ വരെ രോഗബാധ സ്ഥിരീകരിച്ചവരുടെ എണ്ണം 24ആയിരുന്നു.
- രോഗം സ്ഥിരീകരിച്ച 3 വയസ്സുള്ള കുട്ടിയുടെ ഒരു പരിശോധന നെഗറ്റീവ് ആയ വിവരം പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു . ഈ കാര്യം ഒരു നല്ല സൂചനയാണ് എന്നും അറിയിച്ചു.
- സന്നദ്ധ പ്രവർത്തകരുടെയും സ്ക്രീനിങ്ങിനായി നിയോഗിച്ച ടീമുകളുടെയും എണ്ണം ദേശീയ ആരോഗ്യ ദൌത്യം ഡയറക്ടർ അവതരിപ്പിച്ചു. വീട്ടുകളിൽ നിരീക്ഷണത്തിലുള്ളവരുടെ അടുത്ത് നിരീക്ഷണ സംഘങ്ങൾ പോയതിന്റെ നാല് ജില്ലയിലെ കണക്കു അദ്ദേഹം പറഞ്ഞു. കണക്കു പരിശോധിക്കണമെന്ന് മുഖ്യമന്ത്രി നിർദേശിച്ചു .
- ചീഫ് സെക്രട്ടറി ഡി ജി പി മറ്റു സെക്രട്ടറി മാരുമായി 5മണിക്ക് നടത്തിയ മീടിങ്ങിന്റെ വിശദാംശങ്ങൾ പറയാൻ മുഖ്യമന്ത്രി ആവശ്യപെട്ടു.
- കേന്ദ്ര ഗവർമെന്റ് ഉദ്യോഗസ്ഥർക്ക് ഓഫീസിൽ വരുമ്പോൾ അനുവർത്തിക്കേണ്ട മാർഗ നിർദേശങ്ങൾ അവർ തയ്യാറാക്കി . അത് പോലെ സംസ്ഥാന സർക്കാർ പൊതു ഭരണ വകുപ്പ് വഴി ഉത്തരവിറക്കണം എന്ന് തീരുമാനിച്ചു.
- ചില വിദേശികൾ തിരിച്ചു പോകാൻ അനുവദിക്കണമെന്ന് ആവശ്യപ്പെടുന്നുണ്ട്. പരിശോധന നെഗറ്റീവ് ആയാൽ അവർക്ക് തിരിച്ചു പോകാൻ ആകുമോ എന്നതിൽ കേന്ദ്രത്തിന്റെ അഭിപ്രായം എന്താണെന്ന് മുഖ്യമന്ത്രി ചോദിച്ചു. അവർക്ക് കൃത്യമായ

ഉത്തരമില്ലെന്നും കേരളം മാർഗനിർദേശങ്ങൾ തയ്യാറാക്കണം എന്നും ചീഫ് സെക്രട്ടറി പറഞ്ഞു .

- വിദേശികൾ 6000 പേരോളം ഇവിടെ ഉണ്ട്. അവർക്ക് മടങ്ങി പോകണമെങ്കിൽ പരിശോധന നടത്തി നെഗറ്റീവ് ആണെങ്കിൽ തിരിച്ചു പോകാം എന്ന തീരുമാനം എടുക്കാം എന്ന് ചീഫ് സെക്രട്ടറി അറിയിച്ചു.
- ഒരു ഹോട്ടലിലും താമസം ലഭിക്കാത്തവർക്കായി കെ ടി ഡി സി റൂമുകൾ/തയ്യാറാകുന്ന മറ്റു ഹോട്ടലുകൾ എന്നിവയിൽ റൂമുകൾ നൽകാം .
- എസ് എൽ ബി സി യോഗത്തിലെ തീരുമാനം അനുസരിച്ച് കടാശ്വാസ അറിയിപ്പ് നൽകാം.
- തുടർന്ന് രോഗവ്യാപനം മൂർച്ചിച്ചാൽ സ്വീകരിക്കേണ്ട നടപടികളെ കുറിച്ച് പറയാൻ ഉന്നത വിദ്യാഭ്യാസ സെക്രട്ടറിയോട് ആവശ്യപെട്ടു .

## പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസം

- 50 % ആൾക്കാർക്ക് രോഗം വന്നാൽ സ്വീകരിക്കേണ്ട നടപടികൾ എന്തൊക്കെയാണെന്ന് സെക്രട്ടറി വിശദീകരിച്ചു .ഹോസ്റ്റൽ സൗകര്യം ഉള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഫീൽഡ് മെഡിക്കൽ സെന്ററുകൾ ആയി സജ്ജീകരിക്കണമെന്നു പറഞ്ഞു .ഇതിനെ സ്വമേധയാ ചികിത്സ തേടുന്നതിനുള്ള കേന്ദ്രങ്ങളാക്കി മാറ്റാം .
- ഈ നടപടികൾ ഇപ്പോൾ ആവശ്യമില്ലെങ്കിലും ഭാവിയിൽ നടപ്പിൽ വരുത്തേണ്ടിവരുമെന്നതിനാൽ ഒന്ന് രണ്ടു സ്ഥലങ്ങളിൽ എങ്കിലും തുടങ്ങുന്നത് നന്നാവും.
- അതിഥി തൊഴിലാളികൾക്ക് ഭക്ഷണം ആവശ്യമെങ്കിൽ ജില്ല ഭരണകൂടം ഉചിതമായ തീരുമാനം എടുക്കണം എന്ന് ചീഫ് സെക്രട്ടറി പറഞ്ഞു .
- രോഗ ലക്ഷണങ്ങൾ ഇല്ലാത്തവർ രോഗ സംക്രമണം നടത്തുന്നു എന്ന് അഭിപ്രായമുണ്ട്; പരിശോധന നടത്തണമെന്നു ആഗ്രഹമുള്ളവർക്ക് അത് നടത്താൻ ഇപ്പോൾ കഴിയുന്നില്ല.
- പരിശോധനാ സൗകര്യങ്ങൾ ഉള്ള ലബോറട്ടറികളുടെ എണ്ണം വർദ്ധിപ്പിക്കാൻ ആവശ്യപ്പെട്ടു. അതിനു വേണ്ടി കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിൽ സമ്മർദം ചെലുത്തണമെന്നും പറഞ്ഞു.
- കേന്ദ്രത്തോട് ആവശ്യപെട്ടതിന്റെ മറുപടി ഉടൻ ലഭിക്കുമെന്ന് പ്രിൻസിപ്പൽ സെക്രട്ടറി പറഞ്ഞു .
- വേഗത്തിൽ പരിശോധന നടത്താനാകുന്ന റാപിഡ് ടെസ്റ്റുകളുടെ പ്രായോഗികതയെ പറ്റി വിശദമായ ചർച്ച നടന്നു. അതിന്റെ ഗുണഗണങ്ങളും ദോഷങ്ങളും ചർച്ച ചെയ്യപെട്ടു . സമൂഹത്തിൽ രോഗം എത്തിയിട്ടുണ്ടോ എന്നറിയാൻ പ്രതി വസ്തുക്കളെ കണ്ടെത്തുന്ന വേഗ പരിശോധന നടത്തേണ്ടതിന്റെ ആവശ്യകത പ്ലാന്നിംഗ് ബോർഡ് അംഗം ഡോ ഇക്ബാൽ വിശദീകരിച്ചു . റാപിഡ് പരിശോധനയുടെ ഫാൾസ് നെഗറ്റിവ് നിരക്ക് കൂടുതലാണ് എന്ന് ഐഎം എ സെക്രട്ടറി പറഞ്ഞു. അതിനെ പറ്റി പരിശോധിക്കാൻ പ്രിൻസിപ്പൽ സെക്രട്ടറിയോട് മുഖ്യമന്ത്രി നിർദേശിച്ചു .
- കൂടുതൽ ആളുകൾക്ക് പരിശോധനക്കുള്ള സംവിധാനം ഏർപെടുത്തണമെന്നു ഒന്നടങ്കം അഭിപ്രായം പ്രകടിപ്പിച്ചു . 1500 പേർക്ക് വരെ പരിശോധന ചെയ്യുവാനുള്ള മഷീനുകൾ ഉണ്ട് . അത് വാങ്ങാവുന്നതാണ് .
- ചില സ്വകാര്യ ലാബുകൾ ഉപകരണങ്ങൾ വിട്ടു തരാമെന്നു അറിയിച്ചിട്ടുണ്ടെന്നും ആരോഗ്യ മന്ത്രി പറഞ്ഞു .
- 1500 ഓളം പരിശോധനകൾ ഒരുമിച്ച നടത്താനാകുന്ന ഉപകരണം കേന്ദ്രം വാങ്ങിത്തരാമെന്ന് അറിയിച്ചിട്ടുണ്ട് .

- അവതരണത്തിനു ശേഷം യോഗത്തിൽ പങ്കെടുക്കുന്നവരോട് മുഖ്യമന്ത്രി അഭിപ്രായങ്ങൾ ആരാഞ്ഞു.

**<u>വിശദമായ ചർച്ചക്ക് ശേഷം മുഖ്യമന്ത്രി താഴെ പറയുന്ന തീരുമാനങ്ങൾ അറിയിച്ചു.</u>**

1. അവസ്ഥ മാറുകയാണ് . നമ്മുടെ തന്ത്രങ്ങൾ മാറ്റേണ്ടിവരും . രോഗം വ്യാപിക്കുന്നു . ഉമ്ര കഴിഞ്ഞു വന്ന രണ്ടു മലയാളികൾക്കാണ് ഇന്നലെ രോഗം സ്ഥിരീകരിച്ചത് . 12 നു കേരളത്തിൽ; എത്തിയ ആൾ 161 പേരുടെ കൂടെയാണ് എത്തിയത് .അതിൽ 98 പേർ മലപ്പുറംകാരാണ് . രോഗം സ്ഥിരീകരിച്ചയാളിൽ നിന്ന് എത്ര പേർക്ക് പകർന്നിട്ടുണ്ട് എന്ന് ഇപ്പോൾ പറയാനാകില്ല . 9 നു തിരിച്ചു വന്നയാൾകൊപ്പം 408 പേർ സഞ്ചിരിച്ചിരുന്നു. അതിലെ അവസ്ഥയും വിഭിന്നമല്ല . കാസർഗോഡ് രോഗം സ്ഥിരീകരിച്ച വ്യക്തിയും പല ചടങ്ങുകളിലും പങ്കെടുത്തിരുന്നു .
2. നല്ല ആരോഗ്യമുള്ളയാളുകൾക്ക് അസുഖം വന്നാലും രോഗലക്ഷണങ്ങൾ കാട്ടണമെന്നില്ല . എന്നാൽ അവർക്കും രോഗം പകർത്താനാകും .
3. റാപിഡ് പരിശോധന ശാസ്ത്രീയമെങ്കിൽ സാങ്കേതിക പിഴവില്ലയെങ്കിൽ നടപ്പിൽ വരുത്താം . പരിശോധന സംവിധാനങ്ങൾ വർധിപ്പിക്കണം . പരിശോധന നടത്താനാകുന്നത് ജനങ്ങളുടെ ആത്മവിശ്വാസം വർധിപ്പിക്കും . ഇതിന്റെ വിശദാംശങ്ങൾ നാളെ അവതരിപ്പിക്കണമെന്ന് പ്രിൻസിപ്പൽ സെക്രട്ടറിയോട് മുഖ്യമന്ത്രി നിർദേശിച്ചു .
4. കുടുംബ കോടതികളിൽ അമ്മമാരുടേയും കുട്ടികളുടേയും കൂട്ടങ്ങൾ ഒഴിവാക്കാൻ കേസുകൾ പരിഗണിക്കുന്നത് നീട്ടി വെയ്ക്കാൻ നിയമ സെക്രട്ടറി ഹൈകോടതി രെജിസ്ട്രാറോഡ് ആവശ്യപെട്ടിട്ടുണ്ട് .
5. നിർബ്ബന്ധമല്ലാത്ത ശസ്ത്രക്രിയകൾ മാറ്റി വയ്ക്കണം.
6. വിദേശികളോടു പൊതുജനം മോശമായി പെരുമാറുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഇത് നമ്മൾ ശ്രദ്ധിക്കണം ഇല്ലെങ്കിൽ ഭാവിയിൽ ദോഷം ചെയ്യും .
7. വീടുകളിൽ നിരീക്ഷണത്തിൽ ഉള്ളവരുടെ വിവരങ്ങൾ പോലീസ് സ്പെഷ്യൽ ബ്രാഞ്ച് പരിശോധിച്ചപ്പോൾ കൃത്യമല്ല എന്നും ചിലർ നിർദേശങ്ങൾ അവഗണിക്കുന്നതായും ശ്രദ്ധയിൽ പെട്ടിട്ടുണ്ട് . ഇത് കർശനമായും ശ്രദ്ധിക്കണം .
8. വോട്ടർ പട്ടികയിൽ പേര് ചേർക്കുന്ന സമയമാണ് . അത് നീട്ടി വയ്ക്കേണ്ടിവരും .
9. പത്രമിടുന്നവർ, പാൽ കൊണ്ട് പോകുന്നവർ, ബാർബർ ഷോപ്പ്, ബ്യൂട്ടി പാർലർ എന്നിവർ രോഗവ്യാപകരാവാൻ സാധ്യതയുള്ളതിനാൽ അവർക്കുള്ള നിർദേശങ്ങൾ നൽകണം .
10. രോഗം സ്ഥിരീകരിച്ചു കഴിഞ്ഞാൽ എത്രയും പെട്ടെന്ന് ജില്ലകളിൽ അറിയിക്കണം .
11. കാസറഗോഡ് അതിർത്തി മേഖലകളിൽ വ്യക്തി സുരക്ഷാ ഉപകരണങ്ങൾ കുറവാണെന്ന് പരാതികൾ ലഭിച്ചിട്ടുണ്ട് . ഇത് പരിഹരിക്കണം . അവിടെ ഉത്സവങ്ങളും, പൂരങ്ങളും ഇപ്പോൾ കൂട്ടതലായി നടക്കുന്നു . അത് ഒഴിവാക്കാൻ കലക്ടർമാർ ശ്രദ്ധിക്കണം.
12. വിനോദസഞ്ചാരികളുടെ താമസ സൗകര്യം ഉറപ്പാക്കണം. ടൂറിസം മേഖലയിൽ സഹായത്തിനു ഹെല്പ് ഡസ്ക് ഉണ്ടാക്കിയിട്ടുണ്ട് . അവരുമായി ബന്ധപ്പെട്ടാൽ താമസ സൌകര്യം ഒരുക്കാൻ സഹായിക്കും .മാർച്ച് 1 മുതൽ 15 വരെ 6200 ഓളം വിദേശ ടൂറിസ്റ്റ്കൾ കേരളത്തിൽ എത്തിയതായി കണക്കുകൾ ഉണ്ട്. ഇവരിൽ 1291 പേർ മാലി ദ്വീപുകാർ ആണ് .
13. ഐ ടി മേഖലയിലുള്ളവർ വീടുകളിൽ ഇരുന്നു ജോലി ചെയ്യുന്നുണ്ട്. അതിനാൽ വൈദ്യുതി ഉറപ്പാക്കണം .
14. തിരുവനന്തപുരം വിമാനത്താവളത്തിൽ വി വി ഐ പി കളെ പരിശോധിക്കുന്നില്ല എന്ന് പരാതി ലഭിച്ചിട്ടുണ്ട്. അത് പാടില്ല. എല്ലാവരെയും പരിശോധിക്കണം .
15. ബോംബെ വിമാനത്താവളത്തിൽ നിരീക്ഷണത്തിൽ പോകുന്നവർക്ക് സീൽ നൽകിയാണ് വിടുന്നത് . ഇവിടെയും അത് സാധ്യമാണോ എന്ന് പരിശോധിക്കണം .

16. സ്കൂളുകളെ ചികിത്സാ കേന്ദ്രങ്ങളാക്കി മാറ്റേണ്ടി വരും . കരസേന , വായുസേന , നാവികസേന , സി ആർ പി എഫ് എന്നിവരുടെ ആശുപത്രികൾ ഉപയോഗിക്കാനാകുമോ എന്ന് അവരുമായി ചർച്ച ചെയ്യണം .അവരുടെ സഹായം അഭ്യർഥിക്കാവുന്നതാണ്. ആപൽഘട്ടത്തിൽ ഉപയോഗിക്കാവുന്ന ഡ്രൈ റേഷൻ ലഭിക്കുന്നതിനുള്ള സാധ്യതയും ചർച്ച ചെയ്യണം.
17. ബാങ്ക് യോഗം നന്നായിരുന്നു. സഹായം നൽകാമെന്നു അറിയിച്ചിട്ടുണ്ട് .
18. ഭക്ഷണ കിറ്റുകൾ അത്യാവശ്യമാണെങ്കിൽ കലക്ടർമാർ നൽകണം. എന്നാൽ ദുരുപയോഗം ചെയ്യാൻ അനുവദിക്കരുത് .
19. സ്വകാര്യ ബസ് സ്ടാണ്ടുകളിൽ പരിശോധന ഇല്ല എന്ന് വിവരം ലഭിച്ചിട്ടുണ്ട്.അത് പാടില്ല .

യോഗം 7 മണിക്ക് അവസാനിച്ചു

---

## അനുബന്ധം 1

അദ്ധ്യക്ഷൻ: ബഹു. മുഖ്യമന്ത്രി

പങ്കെടുത്തവർ:

1. ആരോഗ്യ സാമൂഹിക നീതി വകുപ്പ് മന്ത്രി
2. ചീഫ് സെക്രട്ടറി
3. ഡി ജി പി
4. അഡീഷണൽ ഡി ജി പി ഇന്റെലിജെൻസ്
5. മുഖ്യമന്ത്രിയുടെ സെക്രട്ടറി
6. അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്
7. അഡീഷണൽ ചീഫ് സെക്രട്ടറി കാർഷിക വികസനം
8. അഡീഷണൽ ചീഫ് സെക്രട്ടറി റെവെന്യൂ
9. അഡീഷണൽ ചീഫ് സെക്രട്ടറി വനം വകുപ്പ്
10. അഡീഷണൽ ചീഫ് സെക്രട്ടറി ലേബർ വകുപ്പ്
11. അഡീഷണൽ ചീഫ് സെക്രട്ടറി പൊതു മരാമത്ത് വകുപ്പ്
12. പ്രിൻസിപ്പൽ സെക്രട്ടറി സെക്രട്ടറി, പൊതു ഭരണം
13. പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസം
14. പ്രിൻസിപ്പൽ സെക്രട്ടറി, ടാൻസ്പോർട്ട്
15. പ്രിൻസിപ്പൽ സെക്രട്ടറി, ആരോഗ്യ വകുപ്പ്
16. പ്രിൻസിപ്പൽ സെക്രട്ടറി, എൽ. എസ്.ജി.
17. സെക്രട്ടറി,ഫിനാൻസ്
18. സെക്രട്ടറി ഊർജ്ജ വകുപ്പ്
19. സെക്രട്ടറി, ടൂറിസം വകുപ്പ്
20. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ദേശീയ ആരോഗ്യ മിഷൻ
21. പ്ലാനിംഗ് ബോർഡ് മെമ്പർ
22. ഐ എം എ പ്രതിനിധി
23. മെമ്പർ സെക്രട്ടറി , ദുരന്ത നിവാരണ അതോറിറ്റി
24. മറ്റുള്ളവർ

---